# ലോക്സഭാതിരഞ്ഞെടുപ്പിന്റെ ബാക്കിപത്രം

ജി. സുകുമാരൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി, എൻ.എസ്.എസ്.

ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കുന്ന വിഷയത്തിൽ എന്നും മുൻനിരയിൽത്തന്നെ നിന്നിട്ടുള്ള സമുദായമാണ് നായർസമുദായം. ഒരു രാഷ്ട്രീയപ്രസ്ഥാനമെന്ന നിലയിൽ അതിന്റെ ഫലം ഏറിയ പങ്കും അനുഭവിച്ചിട്ടുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുമാണ്. തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതു മുതൽ മന്ത്രിമാരെ തീരുമാനിക്കുന്നതുവരെ മത-സാമുദായിക പരിഗണനയിലാണെന്നുള്ളത് ദേശീയതലത്തിൽപ്പോലും അംഗീകരിക്കപ്പെട്ടിരിക്കുന്ന കാലമാണിത്. നായർസമുദായം ഇന്നോളം അങ്ങനെയൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. മറ്റു പല സമുദായങ്ങളും അങ്ങനെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചപ്പോഴൊന്നും അതിനെതിരെ പ്രതികരിച്ചിട്ടുമില്ല. എങ്കിൽ, നായർസമുദായത്തിനുവേണ്ടി നായർ സർവീസ് സൊസൈറ്റി എന്തുകൊണ്ട് ഇപ്പോൾ പ്രതികരിച്ചു എന്നതാണ് പ്രശ്നം. നായർസമുദായത്തിൽപ്പെട്ട ഒരാൾക്ക് ഉണ്ടായിരുന്ന ഏക രാജ്യസഭാസീറ്റ് ഇല്ലാതാക്കിയതും, പാർലമെന്റ് സീറ്റുനിർണ്ണയത്തിൽ സമുദായപ്രാതിനിധ്യം ഗണ്യമായി കുറച്ചതും, മന്ത്രിമാരെ എടുത്തപ്പോൾ അർഹമായ പ്രാതിനിധ്യം നൽകാതിരുന്നതുമാണ് പ്രതിഷേധത്തിനിടയാക്കിയത്. നായർസമുദായത്തിന് അർഹമായ പ്രാതിനിധ്യം നൽകിയില്ലെന്നുള്ള പ്രതിഷേധം കോൺഗ്രസ് നേതൃത്വത്തെ അറിയിക്കാനും പരിഹാരം ആവശ്യപ്പെടാനുമുള്ള അവകാശവും ധാർമ്മികമായ ഉത്തരവാദിത്വവും നായർ സർവീസ് സൊസൈറ്റിക്കല്ലാതെ മറ്റാർക്കാണ് ഉള്ളത്? അവഗണനയ്ക്കെതിരെ പ്രതികരിക്കാൻ നായർക്കുമാത്രം അവകാശമില്ലെന്നാണോ ചിലരുടെ അഭിപ്രായം?

ശ്രീ. ശശി തരൂരിനെ സ്ഥാനാർത്ഥിയാക്കിയതോ അദ്ദേഹത്തെ മന്ത്രിയാക്കിയതോ ഒരു കുറവായി എൻ.എസ്.എസ്. കാണുന്നില്ല. അതിന്റെ പേരിൽ കോൺഗ്രസ് പാർട്ടിക്കു വേണ്ടി കേരളത്തിൽ പണിയെടുക്കുന്ന നായർസമുദായാംഗങ്ങൾക്കു കിട്ടേണ്ട നീതി നിഷേധിക്കരുതെന്ന നിലപാടാണ് ഉള്ളത്. പതിവിനു വിപരീതമായി അന്യസമുദായങ്ങളിൽപ്പെട്ടവർക്ക് അധികം പരിഗണന കൊടുത്തപ്പോഴും നായർസമുദായത്തിൽപ്പെട്ടവരുടെ കാര്യം പരിഗണിച്ചില്ല എന്നതാണ് പ്രശ്നം. ശ്രീ. തരൂരിനെ മന്ത്രിയാക്കണമെന്ന് താല്പര്യമുള്ളപക്ഷം രാജ്യസഭാസീറ്റ് നൽകി മന്ത്രിയാക്കാമായിരുന്നു. പകരം, രാജ്യസഭാസീറ്റ് പാർലമെന്റിലേക്കു മത്സരിക്കുമെന്നു പ്രഖ്യാപിച്ച, മറ്റൊരു സമുദായത്തിൽപ്പെട്ട ആളിനു നൽകി നായർസമുദായത്തിനുള്ള അവകാശം നിഷേധിച്ചു. അതൊക്കെ പ്രത്യേക സാഹചര്യത്തിൽ നടന്നു എന്നു പറയുമ്പോൾ, ഏതു സാഹചര്യവും നായർസമുദായത്തിനെതിരാണ് എന്നല്ലേ അർത്ഥം?

ഇതുവരെയുള്ള പാർലമെന്റ് തിരഞ്ഞെടുപ്പുകളിൽ അഞ്ചിൽ കുറയാതെ സീറ്റുകൾ സമുദായത്തിന് ലഭിച്ചിരുന്നു. ഇത്തവണ അത് നാലായി കുറഞ്ഞു. അതിൽത്തന്നെ ഒരെണ്ണം ശ്രീ. ശശി തരൂരിനാണ് നൽകിയത്. അദ്ദേഹത്തെ 'ഡൽഹി നായർ' എന്നു വിശേഷിപ്പിക്കേണ്ടിവന്നത്, കോൺഗ്രസ്സിനുവേണ്ടി കാലങ്ങളായി പ്രവർത്തിച്ചവരും നീതിനിഷേധിക്കപ്പെട്ടവരുമായ കേരളത്തിലെ നായന്മാർക്കുള്ള പ്രാധാന്യം ഓർമ്മപ്പെടുത്തുവാൻ മാത്രമാണ്. താൻ ജാതിയുടെയോ മതത്തിന്റെയോ പേരിലല്ല സ്ഥാനാർത്ഥിയായതും മന്ത്രിയായതും എന്നും, തന്റെ കഴിവുകൊണ്ടാണ് മന്ത്രിയായത് എന്നും ശ്രീ. ശശി തരൂർ സ്വയം പ്രഖ്യാപിച്ച സ്ഥിതിക്ക് അതു സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യമില്ല.

മറ്റുപല സമുദായങ്ങൾക്കും ഒന്നിലധികം മന്ത്രിസ്ഥാനം നൽകിയപ്പോൾ, പൊതുസ്ഥാനീയനായ ശ്രീ. ശശി തരൂരിനെക്കൊണ്ട് നായർസമുദായം തൃപ്തിപ്പെട്ടുകൊള്ളണം എന്നു പറയുന്നതിൽ എന്ത് ഔചിത്യമാണുള്ളത് എന്നു മനസ്സിലാകുന്നില്ല.

ഇത്തരം അവഗണനയ്ക്കെതിരെ നായർ സർവീസ് സൊസൈറ്റി പ്രതികരിക്കുന്നത് ഇതാദ്യമായിട്ടാണ്. ഈ സാഹചര്യം ആരാണുണ്ടാക്കിയത്. ജാതിയുടെയും മതത്തിന്റെയും പേരിൽ കണക്കുപറഞ്ഞ് നേട്ടങ്ങൾ കൊയ്തവരും, ഈ തിരഞ്ഞെടുപ്പിലും തങ്ങളുടെ സമുദായങ്ങൾക്ക് അർഹതയിൽ കവിഞ്ഞ് നേടിയെടുത്തവരുമാണ്, എല്ലാം നിഷേധിക്കപ്പെട്ട നായർ സമുദായത്തിന്റെ അവകാശത്തെപ്പറ്റി എൻ.എസ്.എസ്. പറഞ്ഞപ്പോൾ, 'എൻ.എസ്.എസ്. ജാതീയതയും മതവിദ്വേഷവും വളർത്തുന്നു' എന്ന് ആക്രോശിച്ചത്. മറ്റുള്ളവർക്കെല്ലാം ജാതിയാകാം മതമാകാം, അവരുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങാം, നായർക്കുമാത്രം പറ്റില്ല എന്ന നിലപാട് ശരിയാണോ? രാഷ്ട്രീയത്തോട് സമദൂരം പാലിക്കുന്ന എൻ.എസ്.എസ്സിന് എല്ലാവരെയും രാഷ്ട്രീയമായിത്തന്നെ അവിടവിടെ നിലനിർത്താനുള്ള ബാദ്ധ്യതയുമുണ്ട്. മറ്റെല്ലാ രാഷ്ട്രീയപാർട്ടികളിലുമെന്നപോലെ കോൺഗ്രസ് പാർട്ടിയിലും നായർസമുദായത്തിന് അർഹമായ പ്രാതിനിധ്യം വേണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതിനെ സങ്കുചിതമായി കാണുന്നത് ശരിയല്ല. നായർസമുദായത്തെ ഇത്തരത്തിൽ അവഗണിക്കുക മാത്രമല്ല, ഒരർത്ഥത്തിൽ അപമാനിക്കുകകൂടി ചെയ്തപ്പോൾ എൻ.എസ്.എസ്. കോൺഗ്രസ് നേതൃത്വത്തെ പ്രതിഷേധം അറിയിച്ചത് ഒരു അപരാധമായി കരുതാവുന്നതല്ല.

ശ്രീ. ശശി തരൂരിന്റെ വിഷയവും ഇതുമായി കൂട്ടിക്കുഴയ്ക്കേണ്ട ആവശ്യമില്ല. സ്ഥാനാർത്ഥിയായി മത്സരിക്കാൻ തീരുമാനം എടുക്കുന്നതിനു മുമ്പ് ശ്രീ. ശശി തരൂർ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയെയും അസിസ്റ്റന്റ് സെക്രട്ടറിയെയും നേരിൽ കണ്ട് അഭിപ്രായം ചോദിച്ചിരുന്നു. അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ മത്സരരംഗത്തുവരുന്നത് ശരിയല്ലെന്നും ഭരണരംഗത്തുവരാനാണുദ്ദേശിക്കുന്നതെങ്കിൽ അതിനു മറ്റു പല മാർഗ്ഗങ്ങളുമുണ്ടെന്നും ആ മാർഗ്ഗങ്ങളാണു സ്വീകരിക്കേണ്ടതെന്നും ഉള്ള മറുപടിയാണ് ഇരുവരും നല്കിയത്. എന്നാൽ അദ്ദേഹം മത്സരിക്കാൻ തന്നെ തീരുമാനിച്ചപ്പോൾ എൻ.എസ്.എസ്സും, എൻ.എസ്.എസ്. പ്രവർത്തകരും തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് മറ്റുള്ളവരോടൊപ്പം അദ്ദേഹത്തെ കാര്യമായി സഹായിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്.

ശ്രീ. ശശി തരൂരും ശ്രീ. കെ.വി. തോമസും എൻ.എസ്.എസ്. ആസ്ഥാനം സന്ദർശിക്കാൻ പ്രകടിപ്പിച്ച ആഗ്രഹം താല്ക്കാലികമായിട്ടെങ്കിലും ഒഴിവാക്കണം എന്നു പറയാനുണ്ടായ സാഹചര്യം വ്യക്തിപരമല്ല. കോൺഗ്രസ് നേതൃത്വത്തെ തങ്ങളുടെ പ്രതിഷേധം അറിയിച്ചിരിക്കെ, അതിന്മേൽ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ കേന്ദ്രമന്ത്രിമാരെന്നുള്ള നിലയിൽ തല്ക്കാലം സന്ദർശനം ഒഴിവാക്കണമെന്നും, അതിനുശേഷം ക്ഷണിച്ചുവരുത്തി സ്വീകരിക്കുന്നതാണെന്നും ഇരുവരോടും നേരിട്ടു പറഞ്ഞു. അവർ അത് സമ്മതിക്കുകയും ചെയ്തിരുന്നു. പിന്നീടുണ്ടായ വിവാദങ്ങളിൽ സർവീസ് സൊസൈറ്റിക്കോ, നേതൃത്വത്തിനോ പങ്കില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.